# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.575 — 23.05.2017 -ൽ മറുപടിക്ക്

**പുരാവസ്തുവകുപ്പിന്റെ പ്രവർത്തനങ്ങൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. എ.എൻ ഷംസീർ | ബഹു.തുറമുഖവും മ്യൂസിയവും |
| ശ്രീ. വി. ജോയി | പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി |
| ശ്രീ. എം.മുകേഷ് | |

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെ വിളിച്ചോതുന്ന പുരാവസ്തുക്കളുടെയും നിർമ്മിതികളുടെയും സംരക്ഷണവും പഠനവുമാണ് പുരാവസ്തു വകുപ്പിന്റെ മുഖ്യ ചുമതലകൾ. പൊതുജനങ്ങൾക്ക് നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് മനസ്സിലാക്കാനും ബന്ധപ്പെട്ട ദൃശ്യങ്ങൾ കാണാനുമായി പുരാവ ശിഷ്ടങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ള മ്യൂസിയങ്ങളും പുരാവസ്തു വകുപ്പ് തയ്യാറാക്കി പരിപാലിച്ചു വരുന്നു. നിലവിലുള്ള സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം, നിലവിലുള്ള മ്യൂസിയങ്ങളുടെ സംരക്ഷണവും നവീകരണവും, ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടേയും പൈതൃക ശേഷിപ്പുകളുടേയും സംരക്ഷണത്തിനായി കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | സംരക്ഷിത സ്മാരകങ്ങളുടെ സംരക്ഷണം സ്ട്രക്ച്ചറൽ കൺസർവേഷൻ, ഡോക്യുമെന്റേഷൻ തുടങ്ങിയ പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് പ്രധാനമായും ഏറ്റെടുത്ത് നടത്തി വരുന്നത്. പത്മനാഭപുരം കൊട്ടാരം, വയനാട് എടയ്ക്കൽ ഗുഹ എന്നിവ യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ച് വരുന്നു. ഇതിൽ പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരികപാരമ്പര്യം വിളിച്ചോതുന്ന പുരാവസ്തുക്കളുടേയും പൈതൃക ശേഷിപ്പുകളുടേയും സംരക്ഷണത്തിനും ആയവ ജനങ്ങളിൽ ദൃശ്യവൽക്കരിക്കുന്നതിനും, അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യം |

| | | | |
|---|---|---|---|
| | | | മുൻനിർത്തിയും എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് സാംസ്കാരിക അടയാളങ്ങളും പൈതൃക ശേഷിപ്പുകളും നശിച്ചു കൊണ്ടിരിക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുരാവസ്തു സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്മാരകങ്ങളും ചരിത്ര ശേഷിപ്പുകളും ശ്രദ്ധയിൽ പ്പെടുന്നപക്ഷം ആയവ സംരക്ഷിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നശിച്ചു കഴിഞ്ഞാൽ പുന:സൃഷ്ടിക്കാൻ കഴിയാത്ത ഇവയെ സമയ ബന്ധിതമായി നവീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ